## വത്തിക്കാൻ

# തരംഗം



**പലായനം ചെയ്യുന്ന കുടിയേറ്റക്കാർക്ക് വേണ്ടി പ്രാർത്ഥിക്കാം**

യുദ്ധത്തിൽ നിന്നോ പട്ടിണിയിൽ നിന്നോ പലായനം ചെയ്യുന്ന കുടിയേറ്റക്കാർ അപകടവും അക്രമവും നിറഞ്ഞ യാത്രകൾ നടത്താൻ നിർബന്ധിതരാകുകയും അവരെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ സ്വാഗതവും പുതിയ അവസരങ്ങളും കണ്ടെത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ജൂൺ 2024

കെസിബിസി മീഡിയ

Vol No.34 No.06 June 2024

Rs.5.00

# ഗുരുപ്രസാദം

## ഗുരു മുനി നാരായണ പ്രസാദിന് സ്വീകരണം



**സെപ്റ്റംബർ 1**
**ഞായർ 3.00 പിഎം**
**പി ഒ സി പാലാരിവട്ടം**

**അധ്യക്ഷൻ :**
**ബിഷപ്പ് ഡോ. ജെയിംസ് ആനാപറമ്പിൽ**



മത സാംസ്കാരിക രംഗങ്ങളിലെ
നിരവധി വ്യക്തികൾ പങ്കെടുക്കുന്നു

**സ്നേഹപൂർവ്വം സ്വാഗതം**

കെസിബിസി മീഡിയ കമ്മീഷൻ




# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

June- 2024
RN. 55 178/94
പുസ്തകം- 34

Monthly
ലക്കം-06


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- നിർമ്മിത ബുദ്ധിയെ ... 05
- സിനഡാത്മകതയുടെ ... 08
- നമുക്ക് വേണ്ടത് ... 11
- വിശ്രമവും അനുകമ്പയും ... 16
- നാം ദൈവത്തിന്റെ ... 20
- വാർത്തയും ചിന്തയും ... 22



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

EDITORIAL



# കരുണയോടെ, കരുതലോടെ ഒപ്പം നടക്കുന്നുണ്ട് ദൈവം...

നിങ്ങളുടെ യുവത്വം യേശുവിന് സമ്മാനിക്കുവാൻ നിങ്ങൾ സന്നദ്ധരാണോ ? ചോദ്യം ഫ്രാൻസിസ് പാപ്പയുടേതാണ്. പരാഗ്വേയിൽ അരങ്ങേറിയ കരീബിയൻ –ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുടെ യുവജനനേതാക്കൾക്കായുള്ള സമ്മേളനത്തിനുള്ള സന്ദേശത്തിലാണ് പാപ്പ ഈ ചോദ്യം ഉന്നയിച്ചത്. തീർച്ചയായും ഫ്രാൻസിസ് പാപ്പയുടെ യുവതയോടുള്ള ഈ ചോദ്യത്തിന് ഒരു സാർവലൗകിക മാനമുണ്ട്.

നിങ്ങളുടെ യൗവ്വനം യേശുവിനായി സമർപ്പിച്ചാൽ, ഈ ലോകത്ത് മൂല്യമിഴിവുള്ളതും ഫലപ്രദവുമായ ജീവിതം നയിക്കാൻ അവിടുന്ന് നിങ്ങളെ പ്രാപ്തരാക്കും – ഇതേ സന്ദേശത്തിൽ പാപ്പ തുടർന്നു പറയുന്നു.

ഒരിക്കലും ദൈവത്തെ ഭയത്തോടെ സ്നേഹിക്കരുതെന്ന് പാപ്പ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. "കുനിഞ്ഞ് വാൽസല്യത്തോടെ നിങ്ങളെ ചേർത്തു പിടിക്കുന്ന ദൈവം നിങ്ങളുടെ ചെവികളിൽ മൃദു മന്ത്രണ മുതിർക്കുന്ന ദൈവം , വീഴ്ചകളിൽ നിങ്ങളെ താങ്ങിനിർത്തും, അങ്ങനെ നിങ്ങളുടെ ജീവിതം ഉത്ഥാന പ്രകാശത്തിൽ തിളങ്ങും. യുവതീയുവാക്കളായ നിങ്ങൾ ഒരു കാര്യമേ ചെയ്യേണ്ടതുള്ളൂ. യേശുവിനായി നിങ്ങളുടെ ഹൃദയത്തിന്റെ വാതിലുകൾ മലർക്കെ തുറന്നിടുക. യേശു നിങ്ങളുടെ രൂപാന്തരീകരണത്തിന്റെ പുതു ചമയങ്ങളൊരുക്കും. "പാപ്പ പറയുന്നു.



വരും തലമുറകളെ യേശുവിന്റെ സാന്ത്വന സൗഖ്യ സാമീപ്യത്തിലേക്ക് എത്തിക്കാനുള്ള സഭാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. യേശുവിന്റെ യൗവ്വനകാലമത്രയും ഒപ്പം ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ വാൽസല്യവും സ്നേഹവും നമുക്ക് അനുസ്മരിക്കാം. പാപ്പയുടെ വാക്കുകൾ നമ്മുടെ യുവതയ്ക്ക് മാർഗ ദീപങ്ങളായി തെളിയട്ടെ.❍

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# നിർമ്മിത ബുദ്ധിയെ വിവേകം നയിക്കട്ടെ: ഫ്രാൻസിസ് പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** നിർമ്മിത ബുദ്ധിയുടെ സാർവത്രിക പ്രയോഗത്തിനു പിന്നിലെ ഗുണ, ദോഷ സാധ്യതകൾ സൂക്ഷ്മമായി തിരിച്ചറിയേണ്ടതുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ. 'അൽഗോരിത നൈതികത'യ്ക്കു പകരം ദൈവദത്ത വിവേകമാകണം നിർമ്മിത ബുദ്ധിയെ നിയന്ത്രിക്കേണ്ടതെന്നും ലോക നേതാക്കളോട് പാപ്പാ പറഞ്ഞു. ജി 7 രാഷ്ട്ര സംഘ യോഗത്തെ അഭിസംബോധന ചെയ്യവേയാണ് നിർമ്മിത ബുദ്ധിയുടെ വിവിധ വശങ്ങൾ പാപ്പാ വിശകലന വിധേയമാക്കിയത്. നിർമ്മിത ബുദ്ധി അഥവാ കൃത്രിമ ബുദ്ധി എന്നത് 'ദൈവദത്തമായ രചനാത്മക ശക്തി മനുഷ്യൻ ഉപയോഗിക്കുന്നതിന്റെ ഉൽപന്ന'മാണെന്നും എന്നാൽ അതിന് ഗുണകരമായ വശങ്ങൾക്കൊപ്പം ദോഷകരമായ മാനങ്ങളുമുണ്ടെന്നും പാപ്പാ ചൂണ്ടിക്കാട്ടി. അത് ''ആകർഷണീയവും ആശങ്കാജനകവുമായ ഒരു ഉപകരണം തന്നെ '.

കാനഡ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, ബ്രിട്ടൻ, അമേരിക്കൻ ഐക്യനാടുകൾ എന്നീ ഏഴു സമ്പന്ന രാജ്യങ്ങളും യൂറോപ്യൻ സമിതിയും അംഗങ്ങളായുള്ള ജി 7 (G7) എന്ന സംഘം ഇറ്റലിയുടെ തെക്കുകിഴക്കെ ഭാഗത്തുള്ള പൂല്യ പ്രദേശത്തെ ബോർഗൊ എഞ്ഞാത്സിയ (Borgo Egnazia) റിസോർട്ടിൽ ആണ് യോഗം ചേർന്നത്. ജി 7 ൽ മാർ



പാപ്പായുടെ ആദ്യത്തെ സാന്നിധ്യമായിരുന്നു ഇത്തവണത്തേത്. അറിവ് എല്ലാവർക്കും സംലഭ്യമാക്കൽ, ശാസ്ത്രഗവേഷണരംഗത്തെ മുന്നേറ്റം, തൊഴിലിന്റെ കാഠിന്യം ലഘൂകരിക്കൽ തുടങ്ങിയ ഗുണകരമായ മാനങ്ങളും അതോടൊപ്പം, വികസിത അവികസിത നാടുകൾ തമ്മിലും ശക്തരും അടിച്ചമർത്തപ്പെട്ടവരും തമ്മിലുമുള്ള വിടവ് വർദ്ധിപ്പിക്കുന്നതു പോലുള്ള ദോഷവശങ്ങളും നിർമ്മിത ബുദ്ധിക്കുണ്ടെന്ന് പാപ്പാ വിശദീകരിച്ചു.

സ്വയം നിയന്ത്രിത മാരകായുധങ്ങളുടെ വികസനം, ഉപയോഗം തുടങ്ങിയവയെക്കുറിച്ചും പാപ്പാ പരാമർശിച്ചു. 'ഒരു യന്ത്രവും മനുഷ്യജീവൻ ഇല്ലാതാക്കണോ വേണ്ടയോ എന്ന തീരുമാനം എടുക്കാൻ പാടില്ല'. എല്ലാവരും പങ്കുചേരുന്ന ഒരു ധാർമ്മിക നിർദ്ദേശത്തിന്റെ വീക്ഷണത്തിൽ മനുഷ്യ വ്യക്തിയുടെ അന്തസ്സ് കേന്ദ്രസ്ഥാനത്ത് വീണ്ടും പ്രതിഷ്ഠിക്കപ്പടണമെന്നു പറഞ്ഞ പാപ്പാ, 'അൽഗോരിതാധിഷ്ഠിത നൈതികത'യാണ് നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്നത് എന്ന് വിശദീകരിച്ചു. നന്മയും മെച്ചപ്പെട്ടൊരു നാളെയും കെട്ടിപ്പടുക്കുന്നതാകണം നിർമ്മിത ബുദ്ധിയുടെ പരിപാടികളെന്നും അവ ഓരോ മനുഷ്യവ്യക്തിയുടെയും നന്മ ലക്ഷ്യംവയ്ക്കുന്നതായിരിക്കണമെന്നും പാപ്പാ പറഞ്ഞു. നിർമ്മിതബുദ്ധിയിൽ മൂർത്തമാക്കപ്പെടുന്ന സാങ്കേതിക മാതൃക അപകടകരമായ ഒരു മാതൃക സൃഷ്ടിക്കാനുള്ള സാദ്ധ്യതയെക്കുറിച്ചും പാപ്പാ മുന്നറിയിപ്പ് നല്കി. ആകയാൽ ആരോഗ്യകരമായ രാഷ്ട്രീയ നടപടിയുടെ ആവശ്യകതയും ചൂണ്ടിക്കാട്ടി. നമ്മുടെ ഭാവിയെ പ്രത്യാശയോടും ആത്മവിശ്വാസത്തോടും കൂടി നോക്കാൻ സാധിക്കുന്നതിന് 'ആരോഗ്യകരമായ രാഷ്ട്രീയം' അനിവാര്യമാണെന്ന വസ്തുത പാപ്പാ ഊന്നിപ്പറഞ്ഞു. നിർമ്മിത ബുദ്ധി നല്ല രീതിയിൽ വിനിയോഗിക്കേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്തമാണെന്നും, അത്തരം ഗുണപരമായ ഉപയോഗം സാധ്യമാകുന്നതിനും ഫലവത്താക്കുന്നതിനും സാഹചര്യമൊരുക്കേണ്ടത് രാഷ്ട്രീയമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു.

### ആശ്ളേഷിച്ച് മോദി

ജി–7 ഉച്ചകോടിക്കിടെ ഫ്രാൻസിസ് മാർപാപ്പയുമായി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. മാർപാപ്പയെ നരേന്ദ്ര മോദി ഹൃദ്യമായി ആശ്ലേഷിക്കുകയും കുശലാന്വേഷണം നടത്തുകയും ചെയ്തു. ഉച്ചകോടിക്കിടെ മറ്റ് നിരവധി ലോകനേതാക്കളും മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ❍

# മധുരം സായന്തനം

പി ഒ സി, പാലാരിവട്ടം
















കെസിബിസി മീഡിയ കമ്മീഷൻ




# സിനഡാത്മകതയുടെ ശൈലി സഭ സ്വന്തമാക്കണം : പാപ്പ

SPECIAL REPORT



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

സിനഡാത്മകതയുടെ ശൈലി സ്വന്തമാക്കിയ ഒരു സഭയുണ്ടാകുക എന്ന തന്റെ ആഗ്രഹം ദൃഢമായി ആവർത്തിച്ച് ഫ്രാൻസിസ് പാപ്പ.അൽമായ അസോസിയേഷനുകളുടെയും, സഭാ പ്രസ്ഥാനങ്ങളുടെയും, സഭയിലെ പുതുസമൂഹങ്ങളുടെയും നേതൃത്വം വഹിക്കുന്നവർക്കുവേണ്ടിയുള്ള സമ്മേളനത്തിൽ പങ്കെടുത്തവരെ വത്തിക്കാനിൽ സ്വീകരിച്ചു സംസാരിക്കവേ ഫ്രാൻസിസ് പാപ്പാ സഭയിൽ സിനഡാത്മകമായ പ്രവർത്തനത്തിന്റെ സാംഗത്യം തിരിച്ചറിയേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു. സഭാത്മക ജീവിതത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ പാപ്പാ, സിനഡാത്മകമായ ഒരു സഭയ്ക്കായി ദൈവത്തിന്റെ മനോഭാവത്തോടെ ചിന്തിക്കുക, എല്ലാത്തരം അടഞ്ഞ മനോഭാവങ്ങളും മറികടക്കുക, വിനയം വളർത്തിയെടുക്കുക എന്നീ ആശയങ്ങൾ മുന്നോട്ടുവച്ചു. അൽമായ അസോസിയേഷനുകളുടെയും, സഭാ പ്രസ്ഥാനങ്ങളുടെയും, സഭയിലെ പുതുസമൂഹങ്ങളുടെയും നേതൃത്വം വഹിക്കുന്നവരുടെ വാർഷിക സമ്മേളനത്തെയാണ് പാപ്പാ അഭിസംബോധന ചെയ്തത്.

## സിനഡാത്മകമായ വിശ്വാസജീവിതം

അൽമായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള റോമൻ ഡിക്കസ്റ്ററിയാണ് സമ്മേളനം ഒരുക്കിയത്.സിനഡാത്മകമായ വിശ്വാസജീവിതം സഭയിലുണ്ടാകാൻ ആദ്ധ്യാത്മികമായ ഒരു പരിവർത്തനം അനിവാര്യമായിരിക്കുന്നു എന്നും ആന്തരിക



മാറ്റങ്ങൾ ഉണ്ടാകാതെ സുസ്ഥിര ആത്മീയഫലങ്ങൾ ഉണ്ടാകില്ലെന്നും പാപ്പാ പറഞ്ഞു. ഇപ്പോഴത്തെ സിനഡിന്റെ അവസാനത്തോടെ, സഭയിൽ എല്ലാ തലങ്ങളിലും സിനഡാത്മകമായ പ്രവർത്തനങ്ങൾ സ്ഥിരമായി ഉണ്ടാവുക എന്നതാണ് തന്റെ ആഗ്രഹമെന്ന് പാപ്പാ വ്യക്തമാക്കി. ഈയൊരു ചിന്ത അജപാലകരുടെയും വിശ്വാസികളുടെയും ഹൃദയത്തിൽ ഉണ്ടാവുകയും, സിനഡാത്മകത സഭയുടെ പൊതുവായ ശൈലിയായി മാറുകയും ചെയ്യേണ്ടതുണ്ട്.

വിശുദ്ധ പോൾ ആറാമൻ പാപ്പായാണ് സഭയിൽ സിനഡാത്മകതയുടെ ആവശ്യം തിരിച്ചറിഞ്ഞതെന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം, മെത്രാന്മാരുടെ സിനഡിനായി ഒരു കാര്യാലയം സ്ഥാപിച്ചതോടെയാണ് അദ്ദേഹം ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. പൗരസ്ത്യസഭകൾ സിനഡാത്മകത കാത്തുസൂക്ഷിച്ചിരുന്നുവെന്നും, എന്നാൽ ലത്തീൻ സഭയ്ക്ക് അത് നഷ്ടമായിരുന്നുവെന്നും ഓർമ്മിപ്പിച്ച പാപ്പാ, തുടർന്ന് വിശുദ്ധ പോൾ ആറാമൻ പാപ്പാ സിനഡാത്മകതയ്ക്കായുള്ള പ്രവർത്തനങ്ങൾ ലത്തീൻ സഭയിൽ ആരംഭിക്കുകയായിരുന്നുവെന്ന് വിശദീകരിച്ചു. ഏതാണ്ട് അറുപത് വർഷങ്ങൾക്ക് ശേഷം ഇന്നത്തെ സഭാപ്രവർത്തനങ്ങളിൽ സിനഡാത്മകത നമുക്ക് കാണാൻ സാധ്യമായിരിക്കുന്നു ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ആധാരമാക്കി, സഭയിൽ വളർന്നുവരേണ്ട സിനഡാത്മകതയുമായി ബന്ധപ്പെട്ട ചില ചിന്തകളും പാപ്പാ പങ്കുവച്ചു. ദൈവത്തിന്റെ മനോഭാവത്തോടെ ചിന്തിക്കുക, എല്ലാത്തരം അടഞ്ഞ മനോഭാവങ്ങളും മറികടക്കുക, വിനയം വളർത്തിയെടുക്കുക എന്നീ ആശയങ്ങളും പാപ്പ മുന്നോട്ടുവച്ചു. പത്രോസ് യേശുവിനെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതുമായി ബന്ധപ്പെട്ട്, ദൈവികമായ പദ്ധതികൾക്കെതിരെ ചിന്തിക്കുന്നതിനെ പാപ്പാ വിമർശിച്ചു. ദൈവം നമ്മിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുവേണം സഭയിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ. നാമല്ല, പരിശുദ്ധാത്മാവാണ് സിനഡാത്മക പ്രയാണത്തിന്റെ നടത്തിപ്പുകാരനെന്നത് മറന്നുപോകരുതെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു.

**ഒഴിവാക്കേണ്ടത്**
**അടഞ്ഞ മനോഭാവങ്ങൾ**

യേശുവിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കിയ ഒരുവനെ യോഹന്നാൻ തടയാൻ ശ്രമിച്ചതുമായി ബന്ധപ്പെടുത്തി, അടഞ്ഞ മനോഭാവം ഒഴിവാക്കാൻ പാപ്പ ആവശ്യപ്പെട്ടു. എല്ലാവരിലേക്കും തുറന്നിട്ട ഒരു പുതിയ ദൈവജനമാകാനാണ് പന്ത്രണ്ട് ശിഷ്യന്മാരെ യേശു തിരഞ്ഞെടുത്തതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ദൈവം തന്ന അനുഗ്രഹങ്ങൾ കുത്തകാവകാശങ്ങളായി വയ്ക്കാനുള്ളവയല്ലെന്ന് ശിഷ്യർ തിരിച്ചറിയേണ്ടതുണ്ട്. നമ്മുടേതായ ഇടങ്ങളിലെ ചിന്തകൾക്കപ്പുറത്തേക്ക് പോകാനാവുക എന്നത് ഒരു അവസരമായി കാണാൻ സാധിക്കണം. മറ്റുള്ളവരിൽ, നാമറിയാത്തവരിൽപ്പോലും, ദൈവം പ്രവർത്തിക്കുന്നുണ്ടെന്ന് തിരിച്ചറിയാനാകണം. തുറന്ന ഹൃദയത്തോടെ വേണം മറ്റുള്ള



വരെ കാണാൻ പരിശ്രമിക്കേണ്ടത്. മൂന്നാമതായി, യാക്കോബും യോഹന്നാനും യേശുവിന്റെ അരികിൽ പ്രധാനപ്പെട്ട ഇടങ്ങൾ അവകാശമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ടു സംസാരിച്ച പാപ്പാ, വിനയം വളർത്തിയെടുക്കാൻ നാം പരിശ്രമിക്കേണ്ടതുണ്ടെന്ന് ഓർമ്മിപ്പിച്ചു. വിശ്വാസത്തിൽ സഹോദരങ്ങളായവരുമായുള്ള ബന്ധത്തിൽനിന്ന് നാമെന്താണ് നേടാൻ പരിശ്രമിക്കുന്നത് എന്ന് സ്വയം ചിന്തിക്കണം.എളിമയുള്ളവർക്കേ സഭയിൽ വലിയ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കു എന്നും പപ്പാ ഉദ്ബോധിപ്പിച്ചു. വിനയമുള്ളവരാണ് മറ്റുള്ളവരെ വിലയുള്ളവരായി കാണുന്നത്. എല്ലാം തങ്ങൾക്കുവേണ്ടി എന്ന് കരുതുന്ന ക്രൈസ്തവർ എന്ന ചിന്തയ്ക്കെതിരെ പാപ്പാ ശബ്ദമുയർത്തി.

സഭയിലെ പ്രസ്ഥാനങ്ങൾ സേവനത്തിനുള്ളവയാണ്, അവ തങ്ങൾക്കുവേണ്ടിത്തന്നെയുള്ളവയല്ല എന്ന് പാപ്പാ ഓർമ്മിപ്പിച്ചു. തങ്ങളുടെ സമൂഹങ്ങളുടെ പ്രത്യേകമായ സിദ്ധികൾ സഭാത്മകമായി വിലയിരുത്താൻ, സമ്മേളനത്തിൽ പങ്കെടുത്തവരെ പാപ്പാ ആഹ്വാനം ചെയ്തു. അതുവഴി സുവിശേഷവത്കരണത്തിന് തങ്ങളുടേതായ രീതിയിൽ ഉദാരമായി സഹായമേകാൻ കഴിയും. തങ്ങൾ സഭാ പ്രസ്ഥാനങ്ങളിലോ അസോസിയേഷനുകളിലോ ആണോ അംഗമായിരിക്കുന്നത്, അതോ സഭയിലാണോ എന്ന് ചിന്തിക്കണമെന്ന് ഓർമ്മിപ്പിച്ച പാപ്പാ, അടഞ്ഞ മനോഭാവമുള്ള പ്രസ്ഥാനങ്ങൾ സഭാത്മകമല്ലെന്നും, അത്തരം പ്രസ്ഥാനങ്ങൾ നിർത്തലാക്കേണ്ടവയാണെന്നും ചൂണ്ടിക്കാട്ടി.



# നമുക്ക് വേണ്ടത് സമാധാനം : ഫ്രാൻസീസ് പാപ്പ

SPECIAL REPORT



**ഡോ. എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ

ജൂൺ പന്ത്രണ്ടാം തീയതി വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ നടന്ന പൊതുകൂടിക്കാഴ്ചയുടെ ഉപസംഹാരത്തിൽ യുദ്ധത്തിൽ ഏറെ വിഷമതകൾ അനുഭവിക്കുന്ന ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ പ്രത്യേകമായി ലോകത്തോട് അഭ്യർത്ഥിച്ചു. അവരെ പാദുവായിലെ വിശുദ്ധ അന്തോനീസിനു പാപ്പാ സമർപ്പിക്കുകയും ചെയ്തു. 'രക്തസാക്ഷികൾ ' എന്നാണ് ഉക്രൈൻ ജനതയെ പാപ്പാ വിശേഷിപ്പിച്ചത്. ഒപ്പം, പലസ്തീനെയും, ഇസ്രായേലിനെയും, മ്യാൻമാറിനെയും പാപ്പാ പേരെടുത്തു പരാമർശിച്ചു.

കത്തോലിക്കാ സഭയിൽ ജൂൺ പതിമൂന്ന് , പാദുവായിലെ വിശുദ്ധ അന്തോനീസിന്റെ തിരുനാൾ ആഘോഷിക്കുന്നതിനാൽ, ദരിദ്രരുടെയും കഷ്ടപ്പെടുന്നവരുടെയും സംരക്ഷകനായ വിശുദ്ധന്, യുദ്ധം മൂലം വിഷമതയനുഭവിക്കുന്ന എല്ലാവരെയും സമർപ്പിച്ചു പാപ്പാ പ്രാർത്ഥിക്കുകയും ചെയ്തു. വിശുദ്ധന്റെ മാതൃക അനുകരിച്ച് സുവിശേഷത്തിന്റെ വിശ്വസ്ത സാക്ഷികളാകുവാൻ എല്ലാവരെയും പാപ്പാ ക്ഷണിച്ചു.

'ഇന്ന് നമുക്ക് ആവശ്യമായത് സമാധാനമാണ്, യുദ്ധം എല്ലായ്പ്പോഴും ഒരു പരാജയമാണ്", പാപ്പാ പറഞ്ഞു.സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാമെന്നും, സമാധാ



നത്തിനു വേണ്ടി പോരാടുവാൻ കർത്താവ് നമുക്ക് ശക്തി നൽകട്ടെയെന്നും പാപ്പാ കൂട്ടിച്ചേർത്തു.'യേശുവിനെ ജീവിതത്തിൽ വായിക്കുന്നവർക്ക്, അവൻ പകരുന്ന മാനസികസുഖം അനുഭവിക്കുവാൻ സാധിക്കു 'മെന്ന്, വിവിധ ഭാഷകളിലുള്ള തന്റെ സന്ദേശം നൽകവേ പാപ്പാ ഓർമ്മിപ്പിച്ചു.

## നർമ്മത്തെ നമിച്ച്

സ്വാർത്ഥതയ്ക്കും വ്യക്തി മഹാത്മ്യവാദത്തിനുമുള്ള ഏറ്റവും ഫലദായകമായ മറു മരുന്നാണ് 'ചിരി'യെന്ന് സമർത്ഥിച്ച് ഫ്രാൻസിസ് മാർപാപ്പ.കല, നർമ്മം, സാംസ്കാരിക സംവാദം എന്നിവയുടെ ആഘോഷത്തിന്റെ ഭാഗമായി വത്തിക്കാനിൽ അന്താരാഷ്ട്ര ഹാസ്യനടീനടന്മാരും കോമിക് കലാകാരന്മാരുമായി കൂടിക്കാഴ്ച നടത്തവേ നൽകിയ സന്ദേശത്തിലാണ് പാപ്പാ 'സാമൂഹ്യ പ്രതിബന്ധങ്ങൾ തകർത്ത് പങ്കുവയ്ക്കലിലേക്ക് നയിക്കുന്ന ചിരി സ്വാർത്ഥതയ്ക്കും വ്യക്തി മാഹാത്മ്യവാദത്തിനുമുള്ള മറു മരുന്ന് ' തന്നെയെന്ന് വ്യക്തമാക്കിയത്.

വത്തിക്കാന്റെ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമായുള്ള ഡികാസ്റ്ററിയും, ആശയ വിനമയത്തിനായുള്ള ഡികാസ്റ്ററിയും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയിൽ നൂറിലധികം ഹാസ്യനടീനടന്മാർ അപ്പസ്തോലിക അരമനയിൽ ഒത്തുചേർന്നു.

## അവർക്ക് ലഭിച്ചത്
## ചിരിപ്പിക്കാനുള്ള ദാനം

ഹാസ്യത്തിന്റെ സാർവ്വത്രിക ഭാഷയിലൂടെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും അന്തരീക്ഷം വളർത്തിക്കൊണ്ട് കത്തോലിക്കാ സഭയും ഹാസ്യ കലാകാരന്മാരും തമ്മിൽ 'ഒരു ബന്ധം സ്ഥാപിക്കുക' എന്ന ലക്ഷ്യം ഈ സംരംഭം മുന്നോട്ടുവച്ചിരുന്നു. കോമഡിയും നർമ്മവും ആക്ഷേപ ഹാസ്യ പ്രയോഗങ്ങളും വഴി കാര്യങ്ങൾ വിശദീകരിക്കുന്ന പ്രതിഭാശാലികളെ ബഹുമാനത്തോടെയാണ് താൻ



നോക്കിക്കാണുന്നതെന്ന് പറഞ്ഞ പാപ്പാ ടെലവിഷനിലും, സിനിമയിലും, നാടകങ്ങളിലും, തുടങ്ങി വിവിധ തരം കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽ ഹാസ്യ കലാകാരന്മാർ ഏറ്റവും അധികം സ്നേഹിക്കപ്പെടുകയും കൈയ്യടി വാങ്ങിക്കുകയും ചെയ്യുന്നതിന് കാരണം അവർ മനുഷ്യരെ ചിരിപ്പിക്കാനുള്ള ദാനം വളർത്തിയെടുത്തതാണ് എന്ന് വിശദീകരിച്ചു.

'പല ഇരുണ്ട വാർത്തകൾക്ക് നടുവിലും ശാന്തതയും ചിരി പടർത്താൻ കഴിവുള്ള , തലമുറകളിലും സംസ്കാരങ്ങളിലും വ്യത്യസ്തരായവരോടു സംസാരിക്കാൻ കഴിവുള്ള ' ചുരുക്കം ചിലരിൽ പെട്ടവരാണ് അവർ. ചിരി പടർന്നു പിടിക്കുന്ന ഒന്നായതിനാൽ അവർ അവരുടേതായ രീതിയിൽ ജനങ്ങളെ ഒന്നിപ്പിക്കുന്നു. തനിച്ചു ചിരിക്കുന്നതിനേക്കാൾ ഒരുമിച്ചു ചിരിക്കാനാണ് എളുപ്പം – സന്തോഷം, പങ്കുവയ്ക്കലിലേക്ക് വഴിതെളിക്കുമെന്നും സ്വാർത്ഥതയ്ക്കും വ്യക്തി മാഹാത്മ്യവാദത്തിനുമുള്ള ഏറ്റവും നല്ല മറുമരുന്നാണ് അത് എന്നും പാപ്പാ കൂട്ടിച്ചേർത്തു.

ചിരി, സാമൂഹ്യ പ്രതിബന്ധങ്ങൾ തകർക്കുകയും വ്യക്തികൾ തമ്മിൽ ബന്ധം സൃഷ്ടിക്കുകയും ചെയ്യും. ബുദ്ധിയുള്ള മനുഷ്യൻ (homo Sapiens) കലാസാംസ്കാരിക കഴിവുകൾ വളർത്തുന്നവൻ കൂടിയാണ് ( homo ludens). (വിശുദ്ധ തോമസ് മൂറിന്റെ പ്രാർത്ഥന ഓർമിക്കുമ്പോൾ ). സ്വയം പ്രകടിപ്പിക്കാനും, പഠിക്കാനും സാഹചര്യങ്ങൾക്ക് അർത്ഥം നല്കാനുമുള്ള മനുഷ്യജീവിതത്തിന്റെ കേന്ദ്രമാണ് കളികളിലൂടെയുള്ള ഉല്ലാസവും ചിരിയും – പാപ്പാ വിശദീകരിച്ചു.

അവരുടെ താലന്ത് വളരെ വിലപ്പെട്ടതാണെന്നും ചിരിയോടൊപ്പം ഹൃദയങ്ങളിലും വ്യക്തികളുടെയിടയിലും സമാധാനം പരത്തി ഓരോ ദിവസവുമുള്ള ബുദ്ധിമുട്ടുകൾ നേരിടാൻ അത് സഹായിക്കുന്നു എന്നും പാപ്പാ ഓർമ്മിച്ചു. വിശുദ്ധ തോമസ് മൂറിന്റെ വാക്കുകൾ കടമെടുത്തു കൊണ്ട് എല്ലാ ദിവസവും 'കർത്താവെ എനിക്ക് നർമ്മബോധം തരണമേ ' എന്ന് പ്രാർത്ഥിക്കാനിഷ്ടപ്പെടുന്നയാളാണ് താനെന്ന് പാപ്പാ പറഞ്ഞു. ഇതാണ് ശരിയായ രീതിയിൽ കാര്യങ്ങൾ എടുക്കാൻ തന്നെ സഹായിക്കുന്നതെന്നും കൂട്ടിച്ചേർത്തു.

ചരിത്രത്തിലെ ചെറുതും വലുതുമായ പ്രശ്നങ്ങളെ കുറിച്ച് പറഞ്ഞു കൊണ്ടു പോലും അവർക്ക് മറ്റുള്ളവരെ ചിരിപ്പിക്കാൻ കഴിയുന്നു എന്നതാണ് അവർ ചെയ്യുന്ന മറ്റൊരത്ഭുതമെന്ന് പാപ്പാ പറഞ്ഞു.ചിരിച്ചുകൊണ്ടും ചിരിപ്പിച്ചു കൊണ്ടും, പരിഭ്രാന്തിയോ ഭീതിയോ ഉണ്ടാക്കാതെ, അവർ അതിരു കടന്ന അധികാരപ്രവണതയെ അപലപിക്കുകയും, മറവിയിൽ മറഞ്ഞ സാഹചര്യങ്ങൾക്ക് ശബ്ദം നൽകുകയും, ദുരുപയോഗങ്ങൾ ഉയർത്തികാട്ടുകയും, അനുചിത പെരുമാറ്റങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നത് പാപ്പാ ഓർമ്മിച്ചു.

ഒരു കാഴ്ചക്കാരന്റെയെങ്കിലും ചുണ്ടിൽ ബുദ്ധിപരമായ ഒരു ചിരി വിരിയിക്കാൻ സാധിക്കുമ്പോൾ ദൈവത്തെ കൂടി അവർ ചിരിപ്പിക്കുകയാണെന്ന് ഓർമ്മിക്കാൻ പാപ്പാ അവരെ ഉദ്ബോധിപ്പിച്ചു.

**ബൈബിളിലെ സാറയുടെ ചിരി**

പല രൂപത്തിലും ശൈലിയിലും, ഹാസ്യം ചിന്തിക്കാനും പറയാനും അറിയാവുന്ന അവരുടെ ഹാസ്യത്തിന്റെ ഭാഷ മനുഷ്യന്റെ പ്രകൃതം മനസ്സിലാക്കാനും ശ്രവിക്കാനും പറ്റിയതാണ്. ഹാസ്യം മുറിവേൽപ്പിക്കുന്നതും, അപമാനിക്കുന്നതുമല്ല, ആളുകളെ








അവരുടെ കുറവുകളിൽ തളയ്ക്കുന്നില്ല. എന്നും വൈവിധ്യങ്ങളെയും പലപ്പോഴും വൈരുദ്ധ്യങ്ങളെയും ഒന്നിച്ചു വയ്ക്കാൻ ഹാസ്യത്തിനു കഴിയും. അവരിൽ നിന്ന് നമുക്ക് എത്രമാത്രം പഠിക്കാനുണ്ടെന്ന് പാപ്പാ അത്ഭുതപ്പെട്ടു.

ദൈവത്തെ കുറിച്ചു പോലും നമുക്ക് ചിരിക്കാനാവും എന്ന് ബൈബിളിൽ വാർദ്ധക്യത്തിൽ കുഞ്ഞു ജനിക്കുമെന്ന് ദൈവം അബ്രഹാമിനോടു പറയുന്ന സംഭവം കേട്ട സാറായുടെ ചിരി വിവരിച്ചു കൊണ്ട് പാപ്പാ വിശദീകരിച്ചു. സന്തോഷിച്ചു ചിരിക്കാൻ ദൈവം എനിക്ക് ഒരു കാരണം തന്നു എന്ന് പറഞ്ഞ് അവൾ താൻ പ്രസവിച്ച കുഞ്ഞിനെ "അവൻ ചിരിക്കുന്നു" എന്നർത്ഥം വരുന്ന ഇസഹാക്ക് എന്ന് പേരു വിളിച്ചു. നാം സ്നേഹിക്കുന്നവരുമായി ചിരിക്കുകയും കളിക്കുകയും ചെയ്യുന്നതു പോലെ ദൈവത്തെക്കുറിച്ചും ചിരിക്കാനാവുമെന്ന് പറഞ്ഞ പാപ്പാ ഇതിന് യഹൂദ വിജ്ഞാനവും സാഹിത്യവും വളരെ ആധികാരികമാണെന്ന് ചൂണ്ടിക്കാണിച്ചു. ദൈവത്തെക്കുറിച്ച് ഹാസ്യം ചെയ്യുമ്പോൾ അവ വിശ്വാസികളുടെ, പ്രത്യേകിച്ച് ദരിദ്രരുടെ വികാരങ്ങൾ മാനിച്ചുകൊണ്ടാവണം എന്ന് പാപ്പാ പ്രത്യേകമായി ഓർമ്മിപ്പിച്ചു.

ദൈവം അവരെയും അവരുടെ കലയേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്, ജനങ്ങളെ സന്തോഷിപ്പിക്കുന്നത്, പ്രത്യേകിച്ച് ജീവിതത്തെ പ്രത്യാശയോടെ കാണാൻ ബുദ്ധിമുട്ടുന്നവരെ സന്തോഷിപ്പിക്കുന്നതു തുടരാൻ പാപ്പാ അഭ്യർത്ഥിച്ചു. യാഥാർത്ഥ്യങ്ങളെ അവയുടെ വിരോധാഭാസങ്ങളോടെ കാണാനും ഒരു നല്ല ലോകം സ്വപ്നം കാണാനും സഹായിക്കാനും തനിക്കു വേണ്ടി പ്രാർത്ഥിക്കാനും അഭ്യർത്ഥിച്ചു കൊണ്ടാണ് പാപ്പാ ഉപസംഹരിച്ചത്. ❍



## ഉദയംപേരൂർ സൂനഹദോസ്
## 425-ാം വാർഷികം




UPI ID: gregoripaulkj-1@oksbi

Account No.43200163242
Gregori Paul K J
SBI Palarivattom Town
IFSC: SBIN0070403

Please send the screenshot of amount remitted and address for sending the book to:
Mob: 9446501081



# വിശ്രമവും അനുകമ്പയും പൊരുത്തമുള്ള യാഥാർത്ഥ്യങ്ങൾ: ഫ്രാൻസീസ് പാപ്പ



**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**

ദൗത്യ നിർവ്വഹണം കഴിഞ്ഞ് തിരിച്ചെത്തിയ തന്റെ ശിഷ്യർക്ക് വിശ്രമം നിർദ്ദേശിക്കുകയും തനിക്ക് ചുറ്റും കൂടിയിരിക്കുന്ന ജനത്തെ അനുകമ്പയോടെ നോക്കുകയും ചെയ്യുന്ന ഈശോ അനുദിന ജീവിതത്തിൽ കർമ്മത്തിന്റെ തിരക്കിൽ പെട്ട് നട്ടം തിരിയുമ്പോൾ നാം സ്വീകരിക്കേണ്ട മനോഭാവം എന്താണെന്ന് വ്യക്തമാക്കുന്നു എന്ന് ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നു. ലത്തീൻ ആരാധന ക്രമത്തിൽ 2024 ജൂലൈ 21 ന് ഞായറാഴ്ച വായിച്ച വിശുദ്ധ മർക്കോസിന്റെ സുവിശേഷം ആറാം അദ്ധ്യായം 30 മുതൽ 34 വരെയുള്ള സുവിശേഷ ഭാഗം  വിശദീകരിച്ചാണ് പാപ്പാ ഈ പ്രബോധനം നൽകിയത്.

## വിശ്രമത്തിനെത്തുന്ന ഈശോയും കാത്തിരിക്കുന്ന ജനതയും

ഈശോയുടെ ശിഷ്യന്മാർ തങ്ങളുടെ ദൗത്യം കഴിഞ്ഞ് തിരിച്ചെത്തി ഈശോയുടെ ചുറ്റും സമ്മേളിച്ച് തങ്ങളുടെ അനുഭവങ്ങളും മറ്റും അവനോട് പങ്കുവയ്ക്കുന്നു. എന്നാൽ ഈശോ അവരോട് പറയുന്നത് 'നിങ്ങളൊരു വിജന സ്ഥലത്തേക്ക് വരുവിൻ, അൽപനേരം വിശ്രമിക്കാം' (മർക്കോ: 6:31) എന്നാണ്.

ഇതു പറഞ്ഞ് തിരിഞ്ഞ ഈശോ കാണുന്നത് പ്രതീക്ഷയോടെ തന്നെ കാത്തു നിൽക്കുന്ന വലിയ ഒരു  ജനക്കൂട്ടത്തെയാണ്. ഒരു പക്ഷെ ഇന്ന് നേതൃത്വത്തെ ഇതുപോലെ കാത്തു നിൽക്കുന്നവരുടെ മനോഭാവവും അവരെ കാണുമ്പോൾ നേതാക്കന്മാർക്കുള്ള മനോഭാവവും നാം കൂടുതൽ കൂടുതൽ വിചിന്തന വിഷയമാക്കണം. ഈശോയ്ക്ക് ആ ജനതയെ കാണുമ്പോൾ ഉണ്ടായ അനുകമ്പയുടെ  മനോഭാവമാണ് നാം സ്വീകരിക്കേണ്ടത്. അവരോട് അനുകമ്പ തോന്നിയ ഈശോ അവരെ പഠിപ്പിക്കാൻ തുടങ്ങുന്നു. കാരണം  വിജ്ഞാനവും ശക്തിയും ദൈവത്തോടു കൂടെയാണ് എന്നുള്ള പഴയ നിയമ

പ്രബോധനം ഈശോയ്ക്ക് അറിയാമായിരുന്നു. (ജോബ് 12:13).
വിശ്രമത്തിന് ആഗ്രഹിച്ച അഥവാ ആവശ്യപ്പെട്ട ഈശോ അവരോട് അനുകമ്പ തോന്നി പഠിപ്പിക്കുകയാണ്. വിശ്രമവും അനുകമ്പയും പൊരുത്തപ്പെടാത്ത കാര്യങ്ങളാണെന്ന് തോന്നുമെങ്കിലും അവ ചേർന്നു പോകും.

## കർമ്മനിരതയും ക്ഷീണവും

ശിഷ്യരുടെ തളർച്ചയിൽ ഈശോയ്ക്ക് ആകുലതയുണ്ട്. ഇന്നും ക്രിസ്തു ശിഷ്യന്റെ ക്ഷീണവും തളർച്ചയും പൂർണ്ണമായും ഈശോ മനസ്സിലാക്കുന്നു. ക്രിസ്തു ശിഷ്യന്റെ ജീവിതത്തേയും പ്രേഷിത പ്രവർത്തനത്തേ യും ബാധിക്കുന്ന ഒരു അപകടമാണ് ഈ തളർച്ച എന്നാണ് പാപ്പ പ്രബോധിപ്പിക്കുന്നത്. ഇന്നു ക്രിസ്തു ശിഷ്യൻ തന്റെ ദൗത്യ നിർവ്വഹണത്തിൽ കാണിക്കുന്ന അമിതാവേശം; ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചുള്ള അമിതമായ ഉത്ക്കണ്ഠ; പ്രവർത്തനഫലങ്ങളെക്കുറിച്ചുള്ള അമിതമായ ആകുലത; തുടങ്ങിയവ ക്രിസ്തു ശിഷ്യരെ അസ്വസ്ഥരാക്കുകയും സത്താപരമായവ കാണാതെ പോകാൻ ഇടയാവുകയും ക്രിസ്തു ശിഷ്യന്റെ ഊർജ്ജം ക്ഷയിക്കാനും ശരീരവും ആത്മാവും തളർന്നു പോകുന്ന അപകടത്തിൽ വീഴാനും സാദ്ധ്യത ഏറെയാണ്. ഇന്നത്തെ നമ്മുടെ സമൂഹം തിടുക്കത്തിന്റെ തടവിലാണെന്ന് പാപ്പ പറയുന്നു. സഭ പ്രത്യേകിച്ച് അജപാലന സേവന മേഖലയിൽ പ്രത്യേകം സൂക്ഷിക്കേണ്ട മുന്നറിയിപ്പായി പാപ്പാ പറയുന്നത് കർമ്മത്തിന്റെ സ്വേച്ഛാധിപത്യത്തിന് എതിരെ നിതാന്ത ജാഗ്രത പാലിക്കണമെന്നാണ്. ബാഹ്യ കർമ്മ പരിപാടികൾ ഇന്ന് നമ്മെ അടിമകൾ ആക്കുന്നു. ഫ്രാൻസീസ് പാപ്പ വളരെ ഗൗരവമായി നമ്മോട് പറയുന്നത് ഇന്ന് ഈ അപകടം കുടുംബങ്ങളിലും സംഭവിക്കുന്നു എന്നാണ്. വളരെ ലളിതമായ ഒരുദാഹരണമാണ് പാപ്പ നമ്മോട് പങ്കുവയ്ക്കുന്നത്. ഉപജീവനത്തിന് ജോലിക്ക് ഹാജരാകാൻ കുടുംബനാഥൻ വളരെ നിർബന്ധിതനാകുമ്പോൾ അദ്ദേഹത്തിന് കുടുംബത്തിനായി നീക്കിവയ്ക്കാനുള്ള സമയം ത്യജിക്കേണ്ടി വരുന്നു. പലപ്പോഴും അവർ കുട്ടികൾ ഉണരുന്നതിന് മുമ്പ് രാവിലെ ജോലിക്കു പോകുകയും വൈകുന്നേരം കുട്ടികൾ ഉറങ്ങിക്കഴിഞ്ഞ് വീട്ടിലെത്തുകയും ചെയ്യുന്നു. സാമൂഹിക അനീതിയാണ് ഇതെന്നാണ് പാപ്പ പറയുന്നത്. കുടുംബങ്ങളിൽ അപ്പനും അമ്മക്കും അവരുടെ കുഞ്ഞുങ്ങളുമായി പങ്കിടാൻ സമയം ഉണ്ടാകണം ഇങ്ങിനെയുള്ള കുടുംബ സ്നേഹം വളർത്തണമെന്നാണ് ഫ്രാൻസീസ് പാപ്പ ആവശ്യപ്പെടുന്നത്. കർമ്മത്തിന്റെ സ്വേച്ഛാധിപത്യത്തിൽ വീഴാതിരിക്കാൻ എങ്ങനെ കഴിയും എന്ന് ചിന്തിക്കണമെന്ന് ഏവരോടും പാപ്പ ആഹ്വാനം ചെയ്യുന്നു. അതേ സമയം നാം തിരിച്ചറിയേണ്ടത് വിശ്രമം ഒളിച്ചോട്ടമല്ല എന്നാണ്.

## വിശ്രമം ഒളിച്ചോട്ടമല്ല

ഈശോ ശിഷ്യരോട് ആവശ്യപ്പെട്ട വിശ്രമം ലോകത്തിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമല്ല. വ്യക്തിപരമായി മാത്രമുള്ള ക്ഷേമത്തിലേക്കുള്ള ഒരു പിൻവാങ്ങലല്ല. പ്രത്യുത നഷ്ടപ്പെട്ട ആളുകളോടുള്ള അനുകമ്പ ഈശോ മാതൃകയാക്കി കാട്ടിത്തരുന്നു. സുവിശേഷം പഠിപ്പിക്കുന്നത് വിശ്രമവും അനുകമ്പയും വേണം എന്നാണ്. വിശ്രമിക്കാൻ പഠിച്ചാൽ മാത്രമേ നമുക്ക് അനുകമ്പ ഉണ്ടാകു.

നമ്മുടെ ഹൃദയവും മനസ്സും പ്രവൃത്തിയുടെ ആകുലതയാൽ ദഹിക്കപ്പെടുമ്പോഴും ആരാധനയുടെ നിശബ്ദതയിൽ നിശ്ചലനായി ദൈവ കൃപ സ്വീകരിക്കാൻ അറിയണം. എങ്കിൽ മാത്രമേ മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയുന്ന കാരുണ്യവദനം നമുക്കുണ്ടാകുക എന്നാണ്.
ദൈവത്തിന്റെ നാമം കരുണ എന്ന് പഠിപ്പിച്ച പാപ്പ നമ്മോട് പ്രബോധിപ്പിക്കുന്നത്. ഇതിനായി നാം തിരക്കിൽ നിന്ന് അൽപം ഒഴിഞ്ഞു നിൽക്കണമെന്നാണ്.



## തിരക്കിൽ നിന്നൊഴിയാം

ഫ്രാൻസീസ് പാപ്പ ഈ സുവിശേഷ വിചിന്തനത്തിന്റെ അവസാനത്തിൽ നമ്മോട് ചോദിക്കുന്നത് ദിവസവും സ്വയം നിശ്ചലനായി കഴിയാൻ നമുക്ക് കഴിയുന്നുണ്ടോ എന്നാണ്. ഒരു വ്യക്തി എന്ന നിലയിൽ എനിക്ക് എന്നോടു കൂടെയും കർത്താവിനോടു കൂടെയും ആയിരിക്കാൻ നാം സ്വയം സമയം കണ്ടെത്തണം. കാര്യങ്ങൾ ചെയ്യുന്ന തിരക്കിൽ ഓരോ ദിവസത്തെയും ബഹളങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഇടയിൽ അൽപം ആന്തരിക 'മരുഭൂമി' കണ്ടെത്താൻ നമ്മൾ അറിയണം.

വിശ്രമവും അനുകമ്പയും ഒരുമിച്ച് സ്വജീവിതത്തിൽ അനുഷ്ഠിച്ച് ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവകൃപയുടെ നിമിഷങ്ങൾ എപ്പോഴും സ്വന്തമാക്കാൻ വിശ്രമവും അനുകമ്പയും കൈമുതലാക്കി മുന്നോട്ട് പോകാൻ പരിശ്രമിക്കാം. പരിശുദ്ധ മറിയം നമുക്ക് ഇതിൽ വലിയ വഴികാട്ടിയും മാതൃകയുമാണ്. സ്വന്ത ജീവിതത്തിൽ പരിശുദ്ധ മറിയം ആത്മാവിൽ വിശ്രമിക്കുന്നതിനും മറ്റുള്ളവർക്ക് ലഭ്യരും അപരരോട് അനുകമ്പയുള്ളവളുമായി ജീവിച്ച പരി. അമ്മയെ പോലെ നമുക്കും ജീവിക്കാം. ❍



● വേൾഡ് ഹൈപ്പർടെൻഷൻ ലീഗ് യൂറോപ്യൻ സൊസൈറ്റി ഓഫ് ഹൈപ്പർടെൻഷനും ഇന്ത്യൻ സൊസൈറ്റി ഓഫ് ഹൈപ്പർ ടെൻഷനും സംയുക്തമായി ഗോവയിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ ഡോ. ജോർജ് തയ്യിലിനെ ആദരിച്ചപ്പോൾ. എറണാകുളംലൂർദ് ആശുപത്രിയിലെ ഹൃദ്രോഗവിഭാഗം സ്ഥാപക തലവനും സീനിയർ കൺസൾട്ടന്റും ഗ്രന്ഥകാരനുമാണ് ഡോ. തയ്യിൽ.

# ജോണി മിറാൻഡയുടെ ലിഖിതങ്ങൾ

പി ഒ സി
**വാങ്മയം**

പങ്കെടുക്കുന്നവർ



ജോണി മിറാൻഡാ

അതൃപ്തരായ ആത്മാക്കൾ, നനഞ്ഞ മണ്ണടരുകൾ, പുഴയുടെ പര്യായം, ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയുള്ള  ഒപ്പീസ്, വിശുദ്ധ ലിഖിതങ്ങൾ, പുഷ്പ എന്നിവ മിറാൻഡയുടെ ശ്രദ്ധേയ രചനകളാണ്.



ഡോ. രതി മേനോൻ



ഡോ. സി ഷാരോൺ



ജോർജ് ജോസഫ് കെ

പി ഒ സി
പാലാരിവട്ടം

കേരള കത്തോലിക്ക മെത്രാൻ സമിതി



# നാം ദൈവത്തിന്റെ വിശുദ്ധ ജനം



***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയായിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാരപൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 12 തുടർച്ച**

100. ഈ കൊടും ഭീകരകുറ്റങ്ങൾ ചെയ്തത് വൈദികരുടെ ഒരു വലിയ സംഖ്യയല്ലയെന്നതിന് ദൈവത്തിന് നന്ദി പറയാം: അനേകം വൈദികർ, വിശ്വസ്തതയോടും ഔദാര്യത്തോടും കൂടി തങ്ങളുടെ ശുശ്രൂഷ നിർവഹിച്ചുകൊണ്ട് ജീവിക്കുന്നുണ്ട്. ഈ വലിയ ഗണം വൈദികരാൽ പ്രചോദിതരാകാൻ തയ്യാറാകണമെന്ന് ഞാൻ യുവജനങ്ങളോട് അഭ്യർത്ഥിക്കുന്നു. തങ്ങളുടെ ശുശ്രൂഷയിലുള്ള ആനന്ദം നഷ്ടപ്പെട്ടതിനാലോ, വൈകാരിക പ്രതിഫലം തേടുന്നതിനാലോ, തെറ്റായ മാർഗം അവലംബിക്കുന്നതിനാലോ, അപകടസാധ്യതയിലിരിക്കുന്ന ഒരു വൈദികനെ കാണാനിടയായാൽ, ദൈവത്തോടും, അവിടുത്തെ ജനത്തോടുമുള്ള അദ്ദേഹത്തിന്റെ സമർപ്പണത്തെ ഓർമ്മിപ്പിക്കുക; സുവിശേഷത്തെ അനുസ്മരിപ്പിക്കുകയും, അദ്ദേഹത്തിന്റെ പാതയിലുറച്ചു നിൽക്കാൻ പ്രേരിപ്പിക്കു കയും ചെയ്യുക. ഇപ്രകാരം, ഏറ്റവും പ്രധാനമായ കാര്യത്തിന് നിങ്ങൾ വലിയ സംഭാവന കാഴ്ച വെയ്ക്കാനിടയാകും, ഇത്തരത്തിലുള്ള ദുഷ്കൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നത് തടയുന്നതുവഴി. ഈ കാർമേഘം, യേശുവിനെയും അവിടുത്തെ സഭയെയും സ്നേഹിക്കുന്ന എല്ലാ യുവജനങ്ങളെയും വെല്ലുവിളിക്കുന്നുണ്ട്. തങ്ങളുടെ കഴിവുകളെല്ലാം ഉപയോഗിച്ചുകൊണ്ട്, നവീകരണം വരുത്താനും, സ്ഥിരമായ സാക്ഷ്യത്തിനായി പ്രേരിപ്പിക്കാനും, നിർബന്ധിക്കാനും, സ്വപ്നം കാണാനും പുത്തൻ ആശയങ്ങളുമായി മുന്നോട്ടുവരാനും ശ്രമിച്ചുകൊണ്ട്, വലിയ സൗഖ്യത്തിനുറവിടമാകാൻ വേണ്ടി.

.

101, സഭാംഗങ്ങളുടെ പാപം ഇതുമാത്രമല്ല; അവളുടെ നീണ്ടചരിത്രം, അതിന്റെ നിഴലില്ലാത്തതല്ല. നമ്മുടെ പാപങ്ങൾ എല്ലാവരുടെയും കൺമുമ്പിലാണ്. നമ്മുടെ മാതാവും അധ്യാപികയുമായ സഭയുടെ പഴക്കമാർന്ന മുഖത്തുള്ളവരകളിൽ അവ വളരെ വ്യക്ത

മായി കാണപ്പെടുന്നു. രണ്ടായിരം വർഷത്തോളം, അവളുടെ തീർത്ഥാടകപാതയിൽ, മനുഷ്യകുലത്തിന്റെ "സന്തോഷങ്ങളിലും പ്രതീക്ഷകളിലും, ദുഃഖത്തിലും വ്യഗ്രതയിലും" പങ്കുചേർന്നുകൊണ്ട് അവൾ മുന്നേറിയിട്ടുണ്ടല്ലോ. അവൾ ഈ തീർത്ഥാടനം നടത്തിയിട്ടുള്ളത്, അവൾ ആയിരിക്കുന്ന അവസ്ഥയിലാണ്, യാതൊരു സൗന്ദര്യവർദ്ധക ശസ്ത്രക്രിയയ്ക്കും വിധേയയാകാതെ. ചിലപ്പോൾ അവളുടെ അംഗങ്ങളിൽ ചിലർ മൂടിവെയ്ക്കാൻ ഉദ്യമിക്കുന്നുണ്ടെങ്കിലും, അവൾ അവരുടെ പാപങ്ങൾ, ശുചിയാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന സുവിശേഷത്തിന്റെ എരിയുന്ന പ്രകാശത്തിൽ വെളിപ്പെട്ടു ത്താൻ ഭയപ്പെടുന്നില്ല. അതുമാത്രമല്ല, ലജ്ജയോട്ടു കൂടിയാണെങ്കിലും ഓരോ ദിവസവും ഉരുവിടുന്നതിൽനിന്നും വിരമിക്കുന്നില്ല. "കർത്താവേ, അങ്ങയുടെ ദയയിൽ എന്നോട്ട കരുണ കാണിക്കണമെ എന്റെ പാപം എപ്പോഴും എന്റെ മുമ്പിലുണ്ട്" (സങ്കീ. 51:3–5). എന്നാലും, നമ്മുടെ അമ്മ വ്രണിതയായിരിക്കുമ്പോൾ അവളെ ഉപേക്ഷിക്കരുതെന്നതു നമുക്ക് ഒരിക്കലും മറക്കാതിരിക്കാം; അവളുടെ സമീപത്തുനിൽക്കാം. അങ്ങനെ അവളുടെ സർവ്വശക്തിയും സമാഹരിച്ചും, കഴിവുകളെല്ലാം ഉപയോഗിച്ചുകൊണ്ട് എന്നും പുതുതായി തുടങ്ങാൻ ഇടയാകട്ടെ.

102. നമ്മെ നേരിൽ വേദനിപ്പിക്കുന്ന ഈ ദുരന്തത്തിനു നടുവിൽ " തന്റെ സഭയെ ഒരിക്കലും ഉപേക്ഷിക്കാത്ത കർത്താവായ യേശു അവൾക്ക് ശക്തി നൽകുകയും ഒരു പുതിയ പന്ഥാവിൽ പുറപ്പെടാൻ അവസരമൊരുക്കുകയും ചെയ്യുന്നു. "യുവാക്കളുടെ വിലപിടിച്ച സഹായം ഇല്ലാതെയല്ല (സഹായത്തോടെതന്നെ) ചരിത്രം സൃഷ്ടിക്കുന്ന പ്രാധാന്യത്തോടുകൂടിയ ഒരു പരിഷ്കരണത്തിന് യഥാർത്ഥത്തിൽ ഈ കറുത്തനിമിഷം ഒരവസരമായിരിക്കാം. അതു നമ്മെ ഒരു പുത്തൻ പെന്തക്കുസ്തായിലേക്ക് ആനയിക്കുകയും, സഭയുടെ യുവത്വം നവീകരിക്കാനുതകുന്ന ശുണത്തിന്റെയും വ്യതിയാനത്തിന്റെയും പുതിയ ഘട്ടത്തിന്റെ ഉദ്ഘാടനമായിത്തീരുകയും ചെയ്യും. "പരിശുദ്ധാത്മാവിനാൽ ജനിച്ചതും ചൈതന്യവത്ക്കരിക്കപ്പെട്ടതും വിശുദ്ധവും, ക്ഷമയുള്ളതും വിശ്വസ്തവുമായ ദൈവജനത്തിന്റെ ഭാഗമാണ് തങ്ങളെന്ന് പൂർണ്ണമായവിധം അവർക്കു ബോധ്യമുണ്ടെങ്കിൽ,യുവജനങ്ങൾക്ക്,വളരെയധികം സഹായം നൽകാൻ കഴിയും. കാരണം, ദൈവത്തിന്റെ ഈ വിശുദ്ധജനം തന്നെയാണ്, ഈ അനിഷ്ട കാര്യങ്ങളുടെയെല്ലാം വളക്കൂറുള്ള വിളനിലമായ പുരോഹിതമേധാവിത്വമെന്ന വസ്തുതയിൽനിന്നും നമ്മെ വിമോചിപ്പിക്കുക. ❍



## ജോഷി ജോർജിന് ഭാഷ മിത്ര അവാർഡ്

സാഹിത്യ നിപുണൻ ടി.എം. ചുമ്മാർ ശതോത്തര രജത ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള 'ഭാഷാമിത്ര' പുരസ്കാരം മാധ്യമ രംഗത്തെ ബഹുമുഖ പ്രതിഭയായ ജോഷി ജോർജിന് . കാർട്ടൂണിസ്റ്റ്, അച്ചടി– ദൃശ്യ മാധ്യമപ്രവർത്തകൻ, ഗ്രന്ഥകർത്താവ്, മനഃശക്തി പരിശീലകൻ എന്നീ വൈവിധ്യമാർന്ന മേഖലകളിൽ നൽകിയ സംഭാവനയ്ക്കാണ് ജോഷി ജോർജിന് ഈ അംഗീകാരം.




### വാർത്തയും ചിന്തയും

# ഡിജിറ്റൽ ലോകവും കുറ്റകൃത്യങ്ങളും

**വാർത്ത**

**ആന്റണി ചടയംമുറി**

കൊച്ചി നഗരത്തിൽ മാത്രം ഇപ്പോൾ രണ്ടു ലക്ഷത്തിലേറെ സി.സി.ടി.വി. ഇൻസ്റ്റലേഷനുകളുണ്ട്. പൊതുവേ സിസി ക്യാമറകൾ എന്ന് അവ അറിയപ്പെടുന്നു. റോഡുകളിലെ നിയമലംഘനങ്ങളും മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നതും മറ്റും തടയാൻ സി സി ടി വികൾ മതിയെന്നുള്ള ചിന്തയിലേക്ക് പൊതുജനങ്ങളും സർക്കാരും ഇടറി വീണിരിക്കുന്നു. കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ കേരളമൊട്ടാകെ സി സി ടിവി ക്യാമറകൾ സ്ഥാപിക്കലും പരിപാലിക്കലും വലിയൊരു ബിസിനസായി വളർന്നു കഴിഞ്ഞു. മറ്റു രാജ്യങ്ങളിൽ ഇരുന്നുകൊണ്ട് രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ മൊബൈലുകളിൽ സെറ്റ് ചെയ്തിരിക്കുന്ന സിസിടിവി ക്യാമറകളിലൂടെ, സ്വന്തം വീടും പരിസരവും സശ്രദ്ധം വീക്ഷിക്കുന്ന മലയാളികളുടെ എണ്ണം കൂടിവരികയാണ്. മനഃസാക്ഷിയനുസരിച്ച്, പൊതുനന്മയെ കരുതിയും ഒരു വ്യക്തി ഒഴിവാക്കേണ്ട തിന്മകളുടെ പ്രവൃത്തികളിൽ നിന്ന്, 'കണ്ടുപിടിക്കു'മെന്ന സാങ്കേതിക നിർമ്മിതിയിലൂടെ പരിഹാരം കാണാമെന്നത് സാംസ്കാരികമായും ധാർമ്മികവുമായി വളർച്ച പ്രാപിക്കാനും സ്വയം നിയന്ത്രിക്കാനുമുള്ള ഒരു മനുഷ്യ വ്യക്തിയുടെ ദൈവോന്മുഖമായ ദൈനം ദിന ജീവിതത്തെ ഭംഗപ്പെടുത്തുന്നില്ലേ ? പൊതു നിരത്തിലായാലും വ്യക്തി ജീലിതത്തിലായാലും ഏത് കുറ്റവും ചെയ്യാൻ സിസിടിവി ക്യാമറകളെ കബളിപ്പിച്ചാൽ മതിയെന്നത് സദ്സമൂഹ സൃഷ്ടിക്ക് വിഘാതമാകും, തീർച്ച.

**ചിന്ത**

മാധ്യമങ്ങളും ഡിജിറ്റൽ ലോകവും സർവത്ര വ്യാപിച്ചിരിക്കുന്നു. വിവേകപൂർവം എങ്ങനെ ജീവിക്കാമെന്നു പഠിക്കുന്നതിൽ നിന്നും ആഴത്തിൽ ചിന്തിക്കുന്നതിൽ നിന്നും ഉദാരതയോടെ സ്നേഹിക്കുന്നതിൽ നിന്നും അവയുടെ സ്വാധീനം ജനങ്ങളെ തടയുന്നു.


**–ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി – പേജ് 45)**




FOR YOU TUBE CHANNEL LINK --- SCAN QR CODE

VATHICAN THARANGAM
RN 55178/94
Total Pages 24 Date of Publication 30-06-2024

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.